"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള സംസ്ഥാന സാക്ഷരതാ മിഷൻ - സാക്ഷരതാ പ്രേരക് മാരുടെ ഓണറേറിയം തദ്ദേശ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.626/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 26/02/2021

പരാമർശം:- സാക്ഷരതാമിഷൻ ഡയറക്ടറുടെ 08.02.2021 ലെ എ7-0001/21/കേ.സം.സാ.മി.അ നമ്പർ കത്ത്.

ഉത്തരവ്

വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടത്തിവരുന്ന സാക്ഷരതാ തുടർ വിദ്യാഭ്യാസത്തിനായി ഓരോ പ്രേരകും രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ എണ്ണവും പ്രേരക് മാരുടെ ഹാജർ നിലയും മറ്റും കണക്കാക്കിയാണ് ഓണററിയം നൽകി വരുന്നതെന്നും, ഇതിനായി തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ്വെയർ അനുസരിച്ച് ഓരോ പ്രേരകിനുമുള്ള ഓണററിയം ഓരോ മാസവും അവരുടെ ബാങ്ക് അക്കൌണ്ടിലേക്ക് നൽകിവരികയാണെന്നും, എന്നാൽ, സർക്കാർ വിഹിതമായ 60% ലഭ്യമാകുന്നതിൽ കാലതാമസം വരുമ്പോഴും സാക്ഷരതാമിഷന്റെ തനതു വിഹിതമായ 40% ഇല്ലാതെ വരുമ്പോഴും ഓണറേറിയത്തിൽ കുടിശ്ശിക ഉണ്ടാവുന്നെന്നും, കൊവിഡ് സാഹചര്യത്തിൽ 2020ൽ രജിസ്ട്രേഷൻ നടക്കാതിരുന്നതാണ് തനതു ഫണ്ട് ഇല്ലാതാവാനുള്ള കാരണമെന്നും, ഈ സാഹചര്യത്തിൽ, 2020 ഡിസംബർ, 2021 ജനുവരി, ഫ്രെബുവരി, മാർച്ച് എന്നീ മാസങ്ങളിലെ ഓണറേറിയം സാക്ഷരതാമിഷൻ കണക്കാക്കി അറിയിക്കുന്നത് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രേരക്മാർക്ക് നൽകിയാൽ, സർക്കാർ ഫണ്ട് ലഭിക്കുന്ന മുറയ്ക്കും സാക്ഷരതാമിഷന്റെ തനത്ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കും ആ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകാം എന്ന വ്യവസ്ഥയിൽ അനുമതി നൽകണമെന്നാണ് സാക്ഷരതാ മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന സാക്ഷരതാ മിഷനിലെ സാക്ഷരതാ പ്രേരക് മാരുടെ 2020 ഡിസംബർ മുതലുള്ള ഓണറേറിയം സാക്ഷരതാമിഷൻ, പിന്നീട് പ്രസ്തുത തുക തദ്ദേശസ്ഥാപനങ്ങൾക്ക് തിരികെ നൽകണമെന്ന വ്യവസ്ഥയോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**യു വി ജോസ് ഐ എ എസ്**

**സ്പെഷ്യൽ സെക്രട്ടറി**

ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ